തയെയും സമ്പന്നമാക്കാൻ നമുക്ക് ബാധ്യതയുണ്ട്. അവർ സാമൂഹ്യദ്രോഹികളായാൽ കുറ്റം നമ്മുടേതുകൂടിയാണ്. ***‘നിങ്ങളെയും കുടുംബത്തെയും നരകത്തിൽ നിന്ന് രക്ഷിക്കുക’*** എന്ന ഖുർആൻ വാക്യം ശ്രദ്ധേയമാണ്.

പെൺമക്കൾ പ്രത്യേക പരിഗണനയർഹിക്കുന്നു. കുടുംബത്തിൽ ഏറ്റവുമധികം പീഡിപ്പിക്കപ്പെടുന്നത് സ്ത്രീയാണ്. സമൂഹത്തിലും അവർ തന്നെ. പണ്ട് പിറന്ന പാടേ അവൾ കുഴിച്ചുമൂടപ്പെട്ടിരുന്നു. ഇന്ന് പിറക്കുംമുമ്പേ പിഴുതെറിയപ്പെടുന്നു. ജീവിക്കാൻ അനുവദിക്കപ്പെടുന്നവർ

വീട്ടിലും നാട്ടിലും അവഗണിക്കപ്പെടുന്നു; അപമാനിക്കപ്പെടുന്നു. കഴുകന്മാർ അവരെ കൊത്തിവലിക്കുന്നു. സ്ത്രീധനം, ബലാൽസംഗം, വാണിഭം - പീഡനം പെണ്ണിന്റെ പര്യായമായിതീർന്നിരിക്കുന്നു. നിയമം നോക്കുകുത്തിയാകുന്നു. സദാചാരബോധത്തെ കൊന്ന ശേഷം നിയമത്തെ വാഴാൻ വിടുന്നത് കൊണ്ട് പ്രയോജനമില്ല. രണ്ട് പെൺമക്കളെ പോറ്റിവളർത്തിയവൻ സ്വർഗാവകാശിയാണെന്ന് മുഹമ്മദ് നബി അരുളിയതിന്റെ പൊരുൾ ഇന്ന് നാം അറിയുന്നു. സഹധർമിണിയോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ് അത്യുത്തമൻ എന്ന പ്രവാചകന്റെ പ്രസ്താവനയും നമുക്കിന്ന് മനസ്സിലാകുന്നുണ്ട്. സ്ത്രീ- പുരുഷ സമത്വം സ്കെയിൽ വെച്ചളക്കുന്നതിന് മുമ്പ് കുറെ ബാലപാഠങ്ങൾ നമുക്ക് പഠിക്കാനുണ്ട്.

സ്ത്രീ- പുരുഷ മേൽക്കോയ്മ വാദങ്ങളിൽ കഴമ്പില്ല. അവർ രണ്ടല്ല; ഒന്നാണ്. മനുഷ്യവർഗം തന്നെ ഒന്നാണ്, ഒരു കുടുംബം. ആദർശ ബന്ധുക്കളും രക്തബന്ധുക്കളുമൊക്കെ ഈ വടവൃക്ഷത്തിന്റെ ശാഖകൾ മാത്രം. ‘എല്ലാവരും ആദമിൽ നിന്ന്. ആദമോ മണ്ണിൽ നിന്ന് ’. ഇതാണ് ഉദാത്തമായ കുടുംബബോധം. മണ്ണിൽ നിന്ന് തുടങ്ങി മണ്ണിലേക്കുള്ള യാത്ര - ഇതാണ് ജീവിതം. ഈ ഹ്രസ്വയാത്ര സുന്ദരവും സംസ്കൃതവുമാക്കുക; സുകൃതം ചെയ്ത് നാഗരികതയെ സമ്പന്നമാക്കുക. സുകൃതമാണ് സ്വർഗത്തിന്റെ താക്കോൽ. സുകൃതം വിളയുന്ന പൂങ്കാവനമാണ് കുടുംബം.

( **സുഭദ്രകുടുംബം സുരക്ഷിതസമൂഹം** എന്ന കാമ്പയിനോടനുബന്ധിച്ച്
ഇന്ത്യൻ ജമാഅത്തെ ഇസ്‌ലാമി ഹിന്ദ്, കേരള ഘടകം പ്രസിദ്ധീകരിക്കുന്നത്.)

ഹിറാ സെന്റർ, പി.ബി.നമ്പർ: 833, കോഴിക്കോട് - 673004
ഫോൺ: 0495-2720752, 2722709, ഫാക്സ്: 0495-2724524
hiracentre@asianetindia.com

ബാംഗ്ലൂർ: 9986078860, 9845557958, jihmalayali@yahoo.com



dtp - **nashrana**, RTNagar, ph: 41492006

# കുടുംബത്തിന്റെ മനോഹാരിത

## വേദനിപ്പിക്കുന്ന വർത്തമാനവും

മഹാദ്ഭുതങ്ങളിലൊന്നാണ് കുടുംബം. അനുഗ്രഹങ്ങളിൽ ഏറ്റവും വലുത്. എത്ര ആസ്വദിച്ചാലും കൊതി തീരാത്തത്. ദൈവം സംവിധാനം ചെയ്ത അതിമനോഹരകാവ്യചിത്രം. സംസ്കാരത്തിന്റെയും നാഗരികതയുടെയും പ്രഥമയൂണിറ്റ്. കുടുംബത്തെയും നരകമാക്കുന്നോ നമ്മൾ?

കുടുംബം ഗർഭപാത്രത്തിൽ നിന്ന് പ്രയാണം തുടങ്ങുന്നു. പിന്നീട് അത് എവിടെയും അവസാനിക്കുന്നില്ല. അനന്തമായി നീളുന്നു, കാലങ്ങളിലേക്കും ലോകങ്ങളിലേക്കും. സ്നേഹവും കാരുണ്യവും നിറഞ്ഞൊഴുകുന്ന ഈ പുണ്യതീർഥം വറ്റിച്ച് ജീവിതം മരുപ്പറമ്പിലേക്ക് വലിച്ചെറിയാനാണോ നമ്മുടെ ഭാവം?

ഗർഭാശയം, കുടുംബം, കാരുണ്യം എന്നീ അർഥങ്ങളിൽ വിശുദ്ധ ഖുർആൻ *റഹ്മ്* എന്ന പദം പ്രയോഗിച്ചത് യാദൃശ്ചികമാവാൻ തരമില്ല. ദൈവത്തിന്റെ ഇഷ്ടനാമങ്ങളാണല്ലോ റഹ്മാനും റഹീമും - പരമകാരുണികൻ, കരുണാനിധി. കുടുംബത്തിന്റെയും കാരുണ്യത്തിന്റെയും നിഷ്പത്തി ദൈവത്തിന്റെ വിശിഷ്ട നാമങ്ങളിൽ നിന്നായത് കുടുംബം എന്ന സ്ഥാപനത്തിന് ഒരു തരം ആത്മീയമാനം നൽകുന്നു. ഒരു ആരാധനാലയത്തിന്റെ വിശുദ്ധിലാവണ്യങ്ങൾ വീടുകളെ ചൂഴ്ന്ന് നിൽക്കുന്നുണ്ട്. കുടിലുകൾ മുതൽ കൊട്ടാരങ്ങൾ വരെ സ്നേഹത്തിന്റെയും സന്തോഷത്തിന്റെയും അസ്തിവാരത്തിലാണ് പടുത്തുയർത്തപ്പെട്ടിരിക്കുന്നത്. അനിർവചനീയമായ ആത്മീയാനുഭൂതിയും അനല്പമായ സുരക്ഷാബോധവുമാണ് കുടുംബം നമുക്ക് പ്രദാനം ചെയ്യുന്നത്.

വീട് ഒരു കെട്ടിടമല്ല. വീടുണ്ടാകുന്നത് കല്ലും കമ്പിയും ചേർന്നല്ല. അഛനും അമ്മയും മക്കളും മരുമക്കളും മുത്തച്ഛനും മുത്തശ്ശിയും പേരക്കുട്ടികളുമാണ് വീടായി രൂപാന്തരപ്പെടുന്നത്. സ്നേഹവും ബഹുമാനവുമാകുന്ന ബലിഷ്ഠമായ പശയിലാണ് ഈ ശിലകൾ ചേർത്തുവെക്കപ്പെടുന്നത്. വീടിന്റെ മേൽക്കൂരയാണ് ലോകത്തിലെ ഏറ്റവും വലിയ തണൽ. വീടിന്റെ നാല് ചുമരുകളാണ് ഏറ്റവും വലിയ കോട്ട. ഗുരുത്വാകർഷണത്തെക്കാൾ ശക്തമാണ് ഗൃഹാതുരത്വം.

സ്വർഗത്തിന്റെ അയൽപക്കത്താണ് വീടിന്റെ സ്ഥാനം. മാതാപിതാക്കൾ മനുഷ്യമാലാഖമാർ, ഇണകൾ അപ്സരസ്സുകൾ, മക്കൾ മുത്തും പവിഴവും. സഹോദരങ്ങൾ താങ്ങും തണലും. സ്നേഹം ആറും കാരുണ്യം താഴ്വരയും. ഇതെല്ലാം വേണ്ടെന്ന് വെച്ച് കുടുംബത്തിൽ നിന്ന് ഇറങ്ങിപ്പോകുന്നവർ മുടിയന്മാർ. അരാജകത്വത്തിലേക്ക് അവരെ കുടിയിറക്കിക്കൊണ്ടുപോകുന്നത് അധമവിചാരങ്ങൾ.

ഭാഗ്യഹീനരും അവിവേകികളുമല്ലാതെ ആരാണ് മാതാവിന്റെ മടിത്തട്ടുപേക്ഷിച്ചു പോവുക? പിതാവിന്റെ ചുമലിൽ നിന്നിറങ്ങിപ്പോവുക? സഹോദരന്റെ സഹായവും സഹോദരിയുടെ ലാളനയും വേണ്ടെന്നുവെയ്ക്കുക? ഇണയുടെ പ്രേമം മടുത്ത, മക്കളുടെ സ്നേഹം മതിയായ ആരുണ്ടീ ഭൂമിയിൽ? ഇല്ല; ഒരാളുമില്ല. എന്നിട്ടും നമ്മുടെ കുടുംബസംവിധാനത്തിനെന്തുപറ്റി? കൂട്ടുകുടുംബം അണുകുടുംബത്തിലേക്കും അണുകുടുംബം ശൂന്യതയിലേക്കും ആപതിച്ചതെങ്ങനെ? കഥപറയുന്ന മുത്തശ്ശിമാരും കലപില കൂട്ടുന്ന കുട്ടികളും നമ്മുടെ വീടുകളിൽ നിന്ന് അപ്രത്യക്ഷമാകുന്നതെങ്ങനെ? അയൽവാസികളും ബന്ധുമിത്രാദികളും നമ്മളിൽ നിന്ന് അകന്ന് അന്യരായിത്തീരുന്നതെങ്ങനെ? ജീവിതത്തിന്റെ സ്നേഹസാഗരത്തിൽ ഒറ്റയാൾ ദ്വീപായി നമ്മൾ രൂപാന്തരപ്പെടുന്നതെങ്ങനെ? സ്വാർഥതകൊണ്ട്; ആർത്തികൊണ്ട്; എണ്ണമറ്റ വ്യാമോഹങ്ങൾ കൊണ്ട്.

കുടുംബത്തിന്റെ തകർച്ച ഏറെക്കുറെ പൂർണമായ പടിഞ്ഞാറുനിന്ന് അടിച്ചുവീശുന്ന ദുർഗന്ധം നമ്മുടെ ഭവനങ്ങളുടെ മോന്തായം പൊളിച്ച് അകത്ത് കടന്ന് ചുഴലിയായി താണ്ഡവനൃത്തം തുടങ്ങിയിട്ട് നാളേറെയായി. നമ്മുടെ അടുക്കളയും കിടപ്പറയും പൂമുഖവും നമുക്ക് നഷ്ടപ്പെട്ടു. സ്നേഹം കുടിപാർത്ത നമ്മുടെ ഗേഹങ്ങൾ ദുരന്തം രാപ്പാർക്കുന്ന ഗുഹകളായി പരിണമിച്ചു. പരിണാമസിദ്ധാന്തം നമുക്ക് മനഃപാഠമായി! മനുഷ്യനിൽ നിന്ന് തിരിച്ചുള്ള ഒരു പരിണാമദശയിലേക്ക് നാം പ്രവേശിച്ചുകഴിഞ്ഞു! കുടുംബത്തോട്, വീടിനോട്, വിവാഹത്തോട്, സദാചാരത്തോട് വിട! പടിഞ്ഞാറിന്റെ നാറ്റത്തിലേക്ക് മൂക്കുപൊത്താതെ കടക്കാൻ നാം ശീലിച്ചുകഴിഞ്ഞു.

മുലക്കണ്ണുകളിൽ നിന്ന് കുഞ്ഞുങ്ങളെ പറിച്ചെടുത്ത് ഹോസ്റ്റലുകളിൽ കെട്ടിയിട്ട് അക്ഷരം തീറ്റിക്കുന്ന രക്ഷിതാക്കൾ, വൃദ്ധസദനങ്ങളിൽ കിടത്തി അച്ഛനമ്മമാരെ കൂലികൊടുത്തു ശുശ്രൂഷിക്കുന്ന മക്കൾ, കോടതിവരാന്തകളിൽ വിധികാത്ത് യൗവനം തുലയ്ക്കുന്ന ദമ്പതികൾ, അങ്കം വെട്ടി ചോരതെറിപ്പിക്കുന്ന സഹോദരീസഹോദരന്മാർ...... അമ്മത്തൊട്ടിൽ, അനാഥത്വം, അകാലവൈധവ്യം, അഭിശപ്തവാർധക്യം - മലയാളി കുടുംബങ്ങൾ കുളംതോണ്ടുന്നു.

വിവാഹം കഴിച്ചു കുടുങ്ങിയവർ, വിവാഹം കഴിയാതെ ഉഴറുന്നവർ, മക്കൾ ശാപമായിത്തീർന്നവർ, സന്താനസൗഭാഗ്യം ലഭിക്കാതെപോയവർ, മാതാപിതാക്കൾ ഭാരമായവർ, അനാഥത്വം വിധിയായിതീർന്നവർ - നമ്മുടെ കുടുംബവ്യവസ്ഥ കുഴതെറ്റിയിരിക്കുന്നു. സ്ത്രീവാദവും നവലൈംഗികവാദവും ആധുനികവും പൗരാണികവുമായ മറ്റനേകം പിഴച്ച ചിന്തകളും കുടുംബത്തെ മാത്രമല്ല മനുഷ്യനെ തന്നെ കൊന്നുകൊണ്ടിരിക്കുന്നു. ശവങ്ങൾ പാർക്കുന്നിടം വീടല്ല, ശ്മശാനമാണ്. നിശ്ശബ്ദമായ വീടുകൾ അട്ടഹസിക്കുന്ന ശ്മശാനങ്ങളേക്കാൾ ഭയാനകം. നഗരങ്ങളിലും ഗ്രാമങ്ങളിലും ഉയർന്നുനിൽക്കുന്ന അപ്പാർട്ടുമെന്റുകൾ കണ്ടിട്ടില്ലേ? ശവപ്പെട്ടികൾ അടുക്കിവെച്ചത് പോലെ. മുതലാളിത്തം മനുഷ്യനെ കുടിയിറക്കിക്കൊണ്ടുവന്നത് ഈ



മോർച്ചറികളിലേക്കാണ്. മാർക്സിസത്തിനും ചേക്കേറാൻ മറ്റൊരിടമുണ്ടായിരുന്നില്ല.

പടിഞ്ഞാറ് ജാരസന്താനങ്ങളെക്കൊണ്ട് നിറഞ്ഞിരിക്കുന്നു. മൂന്നിലൊന്ന് കുട്ടികൾക്ക് അവിടെ മേൽവിലാസമില്ല. മേൽവിലാസമുള്ളവർക്ക് തന്നെ അച്ഛന്റെയും അമ്മയുടെയും കൂടെ ഒരുമിച്ചുജീവിക്കാൻ ഭാഗ്യമില്ല. മധുവിധു തീരുംമുമ്പേ ദമ്പതികൾ വേർപിരിയുന്നു. പുതിയ തലമുറ വിവാഹം തന്നെ ഇഷ്ടപ്പെടുന്നില്ല. വികാരം ശമിപ്പിക്കാൻ വേറെ എന്തെല്ലാം വഴികൾ! മക്കൾ
ബാധ്യത; കുടുംബം തടവറ. അതിനാൽ വിവാഹം വേണ്ട. ഹ്രസ്വസഹവാസം മതി. മടുക്കുമ്പോൾ പിരിയാം. പാശ്ചാത്യലോകത്ത് മനുഷ്യൻ കുറ്റിയറ്റുപോകുന്ന കാലം വിദൂരത്തല്ല. സ്വാർഥതയും സുഖലോലുപതയും അവരെ വംശനാശത്തിന്റെ വക്കിലെത്തിച്ചിരിക്കുന്നു.

സ്ത്രീയോ പുരുഷനോ കേമമെന്ന തർക്കവും കാണുന്ന പൂക്കളിൽ നിന്നെല്ലാം മധുനുകരാനുള്ള വെമ്പലും ദാമ്പത്യജീവിതത്തിന്റെ രസച്ചരട് പൊട്ടിച്ചു. മരവിപ്പ് ദാമ്പത്യജീവിതത്തെ മരുഭൂമിയിലെത്തിച്ചു. വയാഗ്രയ്ക്ക് പരിഹരിക്കാൻ കഴിയുന്നതല്ല ഈ ദുരന്തം. സദാചാരം വലിച്ചെറിഞ്ഞവർ വിലപിക്കുന്നു കുത്തഴിഞ്ഞ ജീവിതം അവരോട് കണക്കുതീർക്കുന്നു. കുടുംബം തകർന്നാൽ സമൂഹം മാത്രമായി നിലനിൽക്കില്ല. ധാർമികമൂല്യങ്ങളുടെ ഈറ്റില്ലം കുടുംബമാണ്. കുടുംബവ്യവസ്ഥയുടെയും സദാചാരബോധത്തിന്റെയും അഭാവത്തിൽ സാമൂഹികസുരക്ഷിതത്ത്വമുണ്ടാവില്ല. പടിഞ്ഞാറ് ഇതിന്റെ പ്രത്യക്ഷ ഉദാഹരണം. അവിടെ നിന്നുയരുന്ന കൂട്ടക്കരച്ചിൽ നമ്മുടെ കണ്ണുതുറപ്പിക്കേണ്ടതല്ലേ?

കുടുംബം നാഗരികതയുടെ നെടുംതൂണാണ്. അത് തകർക്കാൻ നോക്കരുത്. മാതാപിതാക്കൾ അടിവേരാണ്. അവരെ മുറിച്ചുമാറ്റരുത്. മക്കൾ പൂവും കായും. അവരെ പിഴുതെറിയരുത്. വിവാഹം ദൃഢവും വിശുദ്ധവുമായ കരാറാണ്. അത് ലംഘിക്കരുത്. സദാചാരം സംസ്കാരത്തിന്റെ താക്കോലാണ് അത് വലിച്ചെറിയരുത്. പുതിയ തലമുറ ഉരുവിട്ടുപഠിക്കേണ്ട ശാശ്വതസത്യങ്ങളാണിവ.

മടങ്ങാം നമുക്ക് കുടുംബത്തിന്റെ തണലിലേക്ക്; മാതാവിന്റെ മടിത്തട്ടിലേക്ക്; പിതാവിന്റെ ചുമലിലേക്ക്; സഹോദരങ്ങളുടെ കരവലയത്തിലേക്ക്; ഇണയുടെ സ്നേഹത്തിലേക്ക്; മക്കളുടെ കൺകുളിർമയിലേക്ക്; അയൽവാസിയുടെ, ബന്ധുമിത്രാദികളുടെ, നാട്ടുകാരുടെ, മനുഷ്യവർഗത്തിന്റെ സ്നേഹാദരങ്ങളിലേക്ക്, സർവോപരി സ്വർഗത്തിലേക്ക്.

സ്വർഗം എവിടെയാണെന്നറിയുമോ? മാതാവിന്റെ കാൽച്ചുവട്ടിൽ. കാവ്യഭാവനയല്ലിത്; പ്രവാചകന്റെ ശബ്ദമാണ്. ഒരാൾ ഏറ്റവുമധികം കടപ്പെട്ടിരിക്കുന്നത് മാതാവിനോടാണ്. രണ്ടാമതും മാതാവിനോടാണ്, മൂന്നാമതും മാതാവിനോടാണ്! ആദ്യമൂന്ന് സ്ഥാനങ്ങൾ അവർക്കാണ്. മൂന്ന് മാതാവിന്റെ ത്യാഗം അവർ നമുക്ക് വേണ്ടി അനുഷ്ഠിച്ചിട്ടുണ്ടാവണം. ഇല്ലായിരുന്നെങ്കിൽ മുഹമ്മദ് നബി ഇപ്രകാരം ആവർത്തിക്കുമായിരുന്നില്ല. നാലാം സ്ഥാനത്ത് പിതാവാണ്. തുടർന്ന് ബാക്കിയുള്ളവർ. നമ്മൾ ശൂന്യതയിൽ മുളച്ചവരല്ല. ശൂന്യതയിലേക്ക് മടങ്ങുന്നവരുമല്ല. ഒരു ലോകം മുഴുവൻ നമ്മുടെ വളർച്ചയിൽ പങ്ക് വഹിച്ചിട്ടുണ്ട്. നമ്മൾ ആ ലോകത്തിന്റെ ഭാഗമാണ്. ഒറ്റയ്ക്ക് നമുക്ക് നിലനില്പില്ല. നമ്മുടെ കുടുംബത്തോടും ഈ ലോകത്തോടും നമുക്ക് നന്ദിയും കടപ്പാടുമുണ്ട്. മക്കളെ ഉത്തമപൗരന്മാരായി വളർത്തി സംസ്കാരത്തെയും നാഗരിക